നം. സി.ഇ/റോഡ്സ്/ജനറൽ-3/2020-21

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ
തിരുവനന്തപുരം

തീയതി: 14.10.2020

# സർക്കുലർ

വിഷയം:- പൊതുമരാമത്ത് വകുപ്പിന് കീഴിലെ റോഡുകളിലെ അനധികൃത നിർമ്മാണങ്ങളും കൈയ്യേറ്റങ്ങളും ഒഴിപ്പിക്കുന്നത് സംബന്ധിച്ച്:

സൂചന:- 1. ഹൈവേ പ്രൊട്ടക്ഷൻ ആക്റ്റ് 1999
2. സർക്കാർ ഉത്തരവ് സ.ഉ.(കൈ)നം.63/16/പൊമ.വ. തീയതി 03.09.2016
3. സർക്കുലർ നമ്പർ 164-2019/പി.ഡബ്ല്യൂ.ഡി. തീയതി 13.02.2020
4. ബഹു:പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ No.458/M(PWD&R)/2020 തീയതി 12.10.2020 പ്രകാരമുള്ള നിർദ്ദേശം

പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡുകൾ കൈയ്യേറുന്നത് മൂലം വാഹന ഗതാഗത്തിനും കാൽനട യാത്രക്കാർക്കും വളരെയേറെ ബുദ്ധിമുട്ടുകൾ ഉണ്ടാവുകയും വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് തടസ്സങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ എല്ലാ ഉദ്യോഗസ്ഥരും തങ്ങളുടെ അധീനതയിലുള്ള എല്ലാ റോഡുകളിലും പരിശോധന നടത്തി പൊതുമരാമത്ത് നിയമങ്ങൾക്ക് വിരുദ്ധമായിട്ടുള്ള എല്ലാ നിർമ്മാണങ്ങളും ഒഴിവാക്കുന്നതിന് നിയമപരമായുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

കൂടാതെ കച്ചവടസ്ഥാപനങ്ങൾ റോഡുകളും നടപ്പാതകളും( ഫുട്പാത് ) കയ്യേറി കച്ചവട സാധനങ്ങൾ നിരത്തുന്നതുനെതിരെയും അനധികൃതമായി നടത്തുന്ന വ്യാപാരങ്ങൾക്കെതിരെയും നിയമപരമായ നടപടികൾ സ്വികരിക്കേണ്ടതാണ്. കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി സൂചന (1) മുതൽ (3) വരെ ഉള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. (ഇവയുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) റവന്യൂ, പോലീസ് എന്നിവ അടക്കമുള്ള സംവിധാനങ്ങളുടെ സഹായവും ഇതിനായി തേടേണ്ടതാണ്. മാത്രമല്ല ഇത്തരത്തിലുള്ള കയ്യേറ്റങ്ങൾ ആധുനിക രീതിയിൽ റോഡുകൾ നിർമ്മിക്കുന്ന പൊതുമരാമത്തു വകുപ്പിന് സ്വതന്ത്രമായും നിർഭയമായും പ്രവർത്തിക്കുന്നതിന് ഭാവിയിൽ തടസ്സമുണ്ടാക്കുന്നതുമാണ് .പൊതുമരാമത്തു സ്വത്തിനെപ്പറ്റി അകാരണമായ നിയമപ്രശ്നങ്ങൾ ഉണ്ടാക്കുവാനും ഇത് ഇടയാക്കും.

ഇത് സംബന്ധിച്ച തുടർ നടപടികൾ എല്ലാ സെക്ഷൻ, സബ് ഡിവിഷൻ തലങ്ങളിലും സ്വികരിക്കുകയും ഡിവിഷൻതല പുരോഗതി റിപ്പോർട്ട് എല്ലാ മാസവും 5-ാം തീയതിക്ക് മുൻപായി ഈ കാര്യാലയത്തിൽ സമർപ്പിക്കുകയും ചെയ്യേണ്ടതാണ്.

ചീഫ് എഞ്ചിനീയർ